**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3468** **26-10-2021 - ൽ മറുപടിയ്ക്ക്**

**കോൾ നിലങ്ങളുടെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | പൊന്നാനി കോൾ മേഖലയിൽ തൃശ്ശൂർ ജില്ലയിൽപ്പെടുന്ന കോൾ നിലങ്ങളുടെ വികസനത്തിന് ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കാമോ; | (എ) | തൃശ്ശൂർ-പൊന്നാനി കോൾ നിലങ്ങളുടെ വികസനം ലക്ഷ്യമാക്കി നബാർഡ് ആർ.ഐ.ഡി.എഫ്, ആർ.കെ.വി.വൈ, റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ് (ആർ.കെ.ഐ) പദ്ധതികളിൽ ഉൾപ്പെടുത്തി പാടശേഖരങ്ങളിലെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളും, പെട്ടി പറകൾ മാറ്റി ഊർജ്ജക്ഷമത കൂടിയ സബ്മേഴ്സിബിൾ ആക്സിയൽ ഫ്ലോ പമ്പുസെറ്റുകൾ സ്ഥാപിക്കുന്ന പ്രവൃത്തികളും ആണ് നിലവിൽ പൊന്നാനി കോൾ മേഖലയിൽ തൃശ്ശൂർ ജില്ലയിൽപ്പെടുന്ന കോൾ നിലങ്ങളുടെ വികസനത്തിന് നടപ്പാക്കി കൊണ്ടിരിക്കുന്ന പദ്ധതികൾ. കൃഷി എഞ്ചിനീയറിംഗ് വിഭാഗം, കെ.എൽ.ഡി.സി, കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, കെ.എസ്.ഇ.ബി എന്നിവരാണ് ഈ പ്രവൃത്തികളുടെ നിർവ്വഹണം വഹിക്കുന്നത്. കൃഷി എഞ്ചിനീയറിംഗ് വിഭാഗം നടപ്പിലാക്കുന്ന പെട്ടി പറകൾ മാറ്റി ഊർജ്ജക്ഷമത കൂടിയ സബ്മേഴ്സിബിൾ ആക്സിയൽ ഫ്ലോ പമ്പുസെറ്റുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയിൽ ആർ.കെ.വി.വൈ പദ്ധതി പ്രകാരം 500 ലക്ഷം രൂപയും, റീ-ബിൽഡ് കേരള ഇൻഷ്യേറ്റീവ് പദ്ധതി പ്രകാരം 57കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ആർ.കെ.ഐ പദ്ധതി പ്രകാരം കോൾ മേഖലയിലെ യന്ത്രവത്ക്കരണം, കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ മുഖേന നടപ്പിലാക്കുവാൻ 249.7 ലക്ഷം രൂപയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്. കോൾപാടങ്ങളിലെ വൈദ്യുതി വിതരണവുമായി ബന്ധപ്പെട്ട ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കലും, വൈദ്യുതി ലൈനുകൾ നീട്ടുന്ന പ്രവൃത്തികളും കെ.എസ്.ഇ.ബി മുഖേന ആർ.കെ.ഐ പദ്ധതി പ്രകാരം 953.70 ലക്ഷം രൂപയ്ക്ക് നടപ്പാക്കി വരുന്നു. പൊന്നാനി കോൾ മേഖലയിൽ തൃശ്ശൂർ ജില്ലയിൽപ്പെടുന്ന കോൾ നിലങ്ങളുടെ വികസനത്തിനായി കെ.എൽ.ഡി.സി നടപ്പാക്കി |

| | | | |
|---|---|---|---|
| | | | വരുന്ന പ്രവൃത്തികളുടെ വിവരം അനുബന്ധം ആയി ചേർക്കുന്നു. |
| (ബി) | ഏതെല്ലാം പ്രവൃത്തികൾക്ക് എത്ര സംഖ്യയാണ് അനുവദിച്ചിട്ടുള്ളത്; | (ബി) | തൃശ്ശൂർ-പൊന്നാനി കോൾ നിലങ്ങളുടെ വികസനം ലക്ഷ്യമാക്കി നബാർഡ് ആർ.ഐ.ഡി.എഫ്, ആർ.കെ.വി.വൈ, റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ് (ആർ.കെ.ഐ) പദ്ധതികളിൽ ഉൾപ്പെടുത്തി പാടശേഖരങ്ങളിലെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളും, പെട്ടി പറകൾ മാറ്റി ഊർജ്ജക്ഷമത കൂടിയ സബ്മേഴ്സിബിൾ ആക്സിയൽ ഫ്ലോ പമ്പുസെറ്റുകൾ സ്ഥാപിക്കുന്ന പ്രവൃത്തികളും ആണ് നിലവിൽ പൊന്നാനി കോൾ മേഖലയിൽ തൃശ്ശൂർ ജില്ലയിൽപ്പെടുന്ന കോൾ നിലങ്ങളുടെ വികസനത്തിന് നടപ്പാക്കി കൊണ്ടിരിക്കുന്ന പദ്ധതികൾ. കൃഷി എഞ്ചിനീയറിംഗ് വിഭാഗം, കെ.എൽ.ഡി.സി, കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, കെ.എസ്.ഇ.ബി എന്നിവരാണ് ഈ പ്രവൃത്തികളുടെ നിർവ്വഹണം വഹിക്കുന്നത്. കൃഷി എഞ്ചിനീയറിംഗ് വിഭാഗം നടപ്പിലാക്കുന്ന പെട്ടി പറകൾ മാറ്റി ഊർജ്ജക്ഷമത കൂടിയ സബ്മേഴ്സിബിൾ ആക്സിയൽ ഫ്ലോ പമ്പുസെറ്റുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയിൽ ആർ.കെ.വി.വൈ പദ്ധതി പ്രകാരം 500 ലക്ഷം രൂപയും, റീ-ബിൽഡ് കേരള ഇൻഷ്യേറ്റീവ് പദ്ധതി പ്രകാരം 57കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ആർ.കെ.ഐ പദ്ധതി പ്രകാരം കോൾ മേഖലയിലെ യന്ത്രവത്ക്കരണം, കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ മുഖേന നടപ്പിലാക്കുവാൻ 249.7 ലക്ഷം രൂപയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്. കോൾപാടങ്ങളിലെ വൈദ്യുതി വിതരണവുമായി ബന്ധപ്പെട്ട ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കലും, വൈദ്യുതി ലൈനുകൾ നീട്ടുന്ന പ്രവൃത്തികളും കെ.എസ്.ഇ.ബി മുഖേന ആർ.കെ.ഐ പദ്ധതി പ്രകാരം 953.70 ലക്ഷം രൂപയ്ക്ക് നടപ്പാക്കി വരുന്നു. പൊന്നാനി കോൾ മേഖലയിൽ തൃശ്ശൂർ ജില്ലയിൽപ്പെടുന്ന കോൾ നിലങ്ങളുടെ വികസനത്തിനായി കെ.എൽ.ഡി.സി നടപ്പാക്കി വരുന്ന പ്രവൃത്തികളുടെ വിവരം അനുബന്ധം ആയി ചേർക്കുന്നു. |
| (സി) | പൂർത്തീകരിച്ചതും, പൂർത്തികരിക്കാനുള്ള പദ്ധതികൾ ഏതെല്ലാമാണ്; | (സി) | കെ.എൽ.ഡി.സി മുഖേന നടപ്പാക്കി വരുന്ന ആർ.കെ.ഐ. പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തികൾ പ്രാരംഭ ഘട്ടത്തിലാണ്. ആയതിൽ നാല് റാമ്പ്, മൂന്ന് കിട (ചിറ്റേത്താഴം, വലിയടം, വട്ടക്കായൽ) എന്നീ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. ചിറ്റേത്താഴം, വലിയടം, വട്ടക്കായൽ - കിട (3 എണ്ണം) ഭാഗികമായി പൂർത്തീകരിച്ചു. നാല് റാമ്പുകളിൽ ഒരെണ്ണം പൂർത്തീകരിക്കുകയും, മുന്നെണ്ണത്തിന്റെ |

| | | | |
|---|---|---|---|
| | | | പ്രവൃത്തി പുരോഗമിച്ച വരികയുമാണ്. നബാർഡ് ആർ.ഐ.ഡി.എഫ് XXII - (ഫേസ് III) നൂണക്കടവ് എന്ന പ്രവൃത്തിയും ആരംഭിച്ചിട്ടുണ്ട്. ബാക്കി പ്രവൃത്തികൾ കാലാവസ്ഥ അനുകൂലമാകുന്ന മുറയ്ക്ക് പുനരാരംഭിക്കേണ്ടതുണ്ട്. കാർഷിക എഞ്ചിനീയറിംഗ് വിഭാഗം നടപ്പിലാക്കുന്ന പദ്ധതികളിൽ ആർ.കെ.വി.വൈ പദ്ധതി പ്രകാരം സബ്മേഴ്സിബിൾ ആക്സിയൽ ഫ്ലോ പമ്പുസെറ്റുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയിൽ 19 എണ്ണം ഇതിനകം സ്ഥാപിച്ചിട്ടുണ്ട്. നാല് എണ്ണത്തിന്റെ പ്രവൃത്തി പുരോഗമിച്ച വരുന്നു. ആർ.കെ.ഐ പദ്ധതി പ്രകാരം പെട്ടിയും പറയും മാറ്റി ഊർജ്ജക്ഷമതയുള്ള 227 പമ്പുസെറ്റുകൾ സ്ഥാപിക്കുന്ന പ്രവൃത്തി എഗ്രിമെന്റ് വച്ച് നടപടികൾ പുരോഗമിച്ചുവരുന്നു. ആർ.കെ.ഐ പദ്ധതി പ്രകാരം കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, കെ.എസ്.ഇ.ബി എന്നിവർ നടപ്പിലാക്കുന്ന പ്രവൃത്തികൾ പ്രാരംഭ ഘട്ടത്തിലാണ്. |
| (ഡി) | കെ.എൽ.ഡി.സി. നടത്തുന്ന നിർമ്മാണ പ്രവൃത്തികളുടെ അശാസ്ത്രീയതയും കാലതാമസവും മൂലം കൃഷിക്കാർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | കെ.എൽ.ഡി.സി. നടത്തുന്ന നിർമ്മാണ പ്രവർത്തികളെല്ലാം തന്നെ പാടശേഖരങ്ങളുടെ ആവശ്യാനുസരണമാണ് മുന്നോട്ട് പോകുന്നത്. പൊന്നാനി കോൾ മേഖലയുടെ പ്രത്യേക സാഹചര്യത്തിൽ ഒരു വർഷത്തിൽ കേവലം മൂന്ന് മാസം മാത്രമാണ് പ്രവൃത്തി നടപ്പിലാക്കാൻ സാധിക്കുകയുള്ളു എന്നതുമൂലമുള്ള കാലതാമസം മാത്രമാണ് നേരിടുന്നത്. കോളിലെ മണ്ണിന്റെ പ്രത്യേക ഘടന മൂലം ബണ്ട് താഴ്ന്ന് പോകുന്ന പ്രശ്നം പൊന്നാനി കോൾ മേഖലയിൽ കൂടുതലാണ്. പ്രവൃത്തികളുടെ അടുത്ത ഘട്ടങ്ങളിൽ ഈ അപാകത പരിഹരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

<u>**അനുബന്ധം**</u>

## <u>കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ</u>

| ക്രമ നം | സ്കീം | പ്രവൃത്തിയുടെ പേര് | സാങ്കേതിക അനുമതി തുക |
|---|---|---|---|
| 1 | ആർ.കെ.ഐ | പൊന്നാനി കോൾ മേഖലയിൽ കാട്ടകാമ്പൽ ഗ്രാമപഞ്ചായത്തിലെ പഴഞ്ഞി ഇട്ടുകൃഷി കോൾ അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തി. | 1,70,11,032.37/- |
| 2 | ആർ.കെ.ഐ | പൊന്നാനി കോൾ മേഖലയിൽ കാട്ടക്കാമ്പൽ ഗ്രാമപഞ്ചായത്തിലെ പുല്ലാനി ചാൽ, നമ്പ്ര ആനക്കണ്ട്, പാപ്പാത്തി താമരവട്ടം പാടശേഖരങ്ങള് അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തി | 99,02,734.79/- |
| 3 | ആർ.കെ.ഐ | പൊന്നാനി കോൾ മേഖലയിൽ കാട്ടക്കാമ്പൽ ഗ്രാമപഞ്ചായത്തിലെ ചിറ്റേത്താഴം, വലിയടം, വട്ടക്കായൽ, കരിയംപാടം, വാവേക്കാർ കോളുകളുടെ അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തി | 1,21,83,400.09/- |
| 4 | ആർ.കെ.ഐ | പൊന്നാനി കോൾ മേഖലയിൽ പോർക്കളം പഞ്ചായത്തിലെ വെട്ടിക്കടവ്, മങ്ങാട്ട് കൊട്ടിയിൽ, പാറക്കുഴി എന്നീ കോളുകളുടെ അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തി | 1,28,71,638.60/- |
| 5 | ആർ.കെ.ഐ | പൊന്നാനി കോൾ മേഖലയിൽ ചാവക്കാട് താലൂക്കിലെ ചിറക്കത്താഴം കോൾ പടവിലെ ഉൾചാലുകളുടെ നിർമ്മാണവും എഞ്ചിൻ ഷെഡ് (2 എണ്ണം) റാമ്പ് (2 എണ്ണം) എന്നിവയുടെ നിർമ്മാണവും ഉൾപ്പെടുന്ന പ്രവൃത്തി | 45,06,951.75/- |
| 6 | ആർ.കെ.ഐ | മുതുവമ്മൽ താഴം കോൾ പടവിൽ ഉൾച്ചാലുകളുടെ നിർ | കരാറിൽ ആരും തന്നെ |

| | | | |
|---|---|---|---|
| | | മ്മാണവും കിട (2 എണ്ണം) എന്നിവയുടെ നിർമ്മാണവും ഉൾപ്പെടുന്ന പ്രവൃത്തി | പങ്കെടുത്തിട്ടില്ല. |
| 7 | ആർ.കെ.ഐ | പൊന്നാനി കോൾ മേഖലയിൽ പുന്നയൂർക്കുളം, മതികായൽ ഗ്രാമപഞ്ചായത്തിലെ ഉപ്പ്ുങ്ങൽ, പത്രൂർ പടവ്, ചെമ്മണ്ണൂർ താഴം, ചെറുലിപ്പുഴ പാടശേഖരങ്ങളുടെ അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തി. | 1,46,23,228.45/- |
| 8 | നബാർഡ് ആർ.ഐ.ഡി.എഫ് XXII | നബാർഡ് ആർ.ഐ.ഡി.എഫ് XXII -(ഫേസ് III) നൂണക്കടവ് പാടശേഖരത്തിന്റെ പുനരുദ്ധാരണ പ്രവൃത്തികളിൽ സ്ലൂയിസുകളുടെയും (3 എണ്ണം), എഞ്ചിൻ തറകളുടെയും നിർമ്മാണം | 2,44,03,643.84/- |